പതിമൂന്നാം കേരള നിയമസഭ

ആറാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
നിയമസഭാ ചോദ്യം നമ്പർ : 1282

13.12.2012- ൽ
മറുപടിക്ക്

# കയർ ഉല്പന്നങ്ങളുടെ കയറ്റുമതിയും വൈവിധ്യവൽക്കരണവും

| ചോദ്യം<br>ശ്രീ.ശ്രീ. മുല്ലക്കര രത്നാകരൻ | ഉത്തരം<br>ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
|---|---|
| (എ) 2011-ൽ കയർ ഉല്പന്നങ്ങളുടെ കയറ്റുമതിയിലൂടെ എത്ര കോടി രൂപ ലഭ്യമായിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ; ഇക്കാര്യത്തിൽ മുൻ വർഷങ്ങളേക്കാൾ വർദ്ധനവുണ്ടായിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ; | (എ) കയർ ബോർഡിന്റെ കണക്കനുസരിച്ച് 2010-11 വർഷത്തിൽ 80,707.08 ലക്ഷം രൂപയ്ക്കും 2011-12 വർഷം 1,05,262.54 ലക്ഷം രൂപയ്ക്കുമുള്ള ചകിരിയും, പിത്തും, കയറും കയറുല്പന്നങ്ങളും ഇന്ത്യയിൽ നിന്നും കയറ്റുമതി നടത്തിയിട്ടുണ്ട്. 2010-11 വർഷത്തേക്കാൾ 2011-12 വർഷം 24,555.42 ലക്ഷം രൂപയുടെ വർദ്ധനവ് ഉ ണ്ടായിട്ടു ണ്ട്. |
| (ബി) കയർ ഉല്പന്നങ്ങളുടെ വൈവിധ്യ വൽകരണത്തിനു വേണ്ടി സർക്കാർ ആവിഷ്കരിച്ചിട്ടുള്ള നൂതന പദ്ധതികളേതെല്ലാമെന്ന് വ്യക്തമാക്കാമോ? | (ബി)കയറുല്പന്നങ്ങളുടെ വൈവിധ്യവൽക്കരണത്തിനായി ആവിഷ്ക്കരിച്ചിട്ടുള്ള പ്രധാന പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>» ഫോം മാറ്റിംഗ്സ് ഇന്ത്യ ലിമിറ്റഡിന്റെ ആഭിമുഖ്യത്തിൽ കാണിച്ചുകുളങ്ങര കയർ പാർക്കിൽ നിർമ്മാണം പുരോഗമിക്കുന്ന കയർ കോംപസിറ്റ് ബോർഡ് ഫാക്ടറി.<br>» നാഷണൽ കയർ റിസർച്ച് & മാനേജ്മെന്റ് ഇൻസ്റ്റിറ്റ്യൂട്ട് (NCRMI) വികസിപ്പിച്ചെടുത്ത ചകിരിച്ചോറ് ഉപയോഗിച്ചുള്ള ചെരിപ്പുകൾ, സങ്കര യാൺ ഉപയോഗിച്ച് നിർമ്മിച്ച ലേഡീസ് ബാഗ്, ടേബിൾ മാറ്റ്, bed-side rug മുതലായവ.<br>» കയർഫെഡിന്റെ കീഴിൽ കയർപിത്ത് ഉപയോഗിച്ചുള്ള വളം നിർമ്മാണ സംവിധാനം.<br>» കേരള സ്റ്റേറ്റ് കയർ കോർപ്പറേഷന്റെ കീഴിൽ സങ്കര യാൺ നിർമ്മാണം<br>» കയറിൽ നിന്നുള്ള കരകൗശല വസ്തുക്കളും മറ്റ് സ്മരണികകളും നിർമ്മിക്കുന്നതിനുള്ള പദ്ധതി. |

സെക്ഷൻ ഓഫീസർ